പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5462 27-03-2018-ലെ മറുപടിയ്ക്ക്

**പാലക്കാട് ജില്ലയിൽ കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** 2016-2017-ൽ വരൾച്ചയെ തുടർന്ന് പാലക്കാട് ജിലയിൽ കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം എത്രയാണെന്ന് ബ്ലോക്കടിസ്ഥാനത്തിൽ വിശദമാക്കാമോ; നഷ്ടം ഉണ്ടായവർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **(എ)** പാലക്കാട് ജില്ലയിൽ ആകെ 27,64,23,200/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അതിൽ സർക്കാർ കണക്കനുസരിച്ച് 14,01,19,765/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **ബി)** വരാൻ പോകുന്ന വേനലിനെ നേരിടാൻ എന്തെല്ലാം പദ്ധതി കളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്? | **(ബി)** ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. തണ്ണീർതടങ്ങളെ നാശോന്മുഖമാക്കാതെ നില നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും, മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>നെൽകർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളം എന്നിവയുടെ നവീകരണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, തടിയിൽ കുമ്മായം പൂശൽ എന്നിവ അവലംബിക്കുവാൻ നിർദേശം നൽകി. ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് മുതലായ പയറു വർഗ്ഗങ്ങൾ കൃഷി ചെയ്യാൻ നിർദേശം നൽകി. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

| ക്രമ നം. | ബ്ലോക്കിന്റെ പേര്. | 2016-17 കൃഷി നഷ്ടം വന്ന തുക. | സർക്കാർ നിരക്കനുസരിച്ച് ധനസഹായം അനുവദിച്ച തുക. |
|---|---|---|---|
| 1 | ആലത്തൂർ. | 45787600. | 29246760 |
| 2. | കുഴൽമന്ദം. | 55600000 | 38376180 |
| 3. | നെന്മാറ | 16529000 | 12240099 |
| 4. | കൊല്ലങ്കോട്. | 26529000 | 5509874 |
| 5. | മലമ്പുഴ. | 21240000 | 5838232 |
| 6. | ശ്രീകൃഷ്ണപുരം, | 4577000 | 1525681 |
| 7. | ഷൊർണ്ണൂർ. | 13093600 | 9557848 |
| 8. | പട്ടാമ്പി. | 8562200 | 3424896 |
| 9. | തൃത്താല. | 7585000 | 1896399 |
| 10. | പാലക്കാട്. | 10606500 | 5220967 |
| 11. | മണ്ണാർക്കാട്. | 509000 | 84862 |
| 12. | അഗളി. | 1559300 | 519784 |
| 13. | ചിറ്റൂർ. | 54245000 | 26678183 |
| | ആകെ. | 276423200 | 140119765 |

സെക്ഷൻ ഓഫീസർ